DESPATCHED On 14/3/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 974(5)/20/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 6425/SIC-G7/2020**

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി – 30.12.2022

**Shri. K. R. Seetharaman,
Puthen Gramam,
Kunissery P.O,
Alathur, Palakkad,
Pin – 678 681.** — **Appellant**

**The State Public Information Officer,
O/o the Assistant Educational Officer,
Mini Civil Station,
Alathur, Palakkad – 678 541.**

**The Appellate Authority
O/o the Assistant Educational Officer,
Mini Civil Station,
Alathur, Palakkad – 678 541.** — **Respondents**

ഉത്തരവ്

ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 25.10.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 13.01.2020 |
| ഒന്നാംഅപ്പീൽ | 22.12.2019, 29.01.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാംഅപ്പീൽ | 01.06.2020 |
| ഹിയറിംഗ്തീയതി | 19.04.2022 |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

a. Please specify the action taken by your office on representation dated 09.05.2019 Sri. K.R. Seetharaman send your office through E-Mail id on 10:05:2019. from the date date of receipt till date. Attach certified copy of the concerned note file and correspondence file portion of the said file till date.

b. Please specify the action taken by your office file dealing with the inspection report dated 16.11.2018 issued by the Finance Inspection Wing and communicated to your office as per letter No. DPI/2332/2019-B3(AW) dated 02;04;2019, from the date of receipt till date. Attach certified copy of the concerned note file and correspondence file portion of the said file till date.

c. Please specify the action taken by your office on the Audit report dated 15.11.2018 issued by the Senior Audit Officer. SGS- II, Party No. II, O/o the Accountant General (G&SSA), Kerala and communicated to your office from the date of receipt till date. Attach certified copy of the concerned note file and correspondence file portion of the said file till date.

d. Please spe3cify the follow up action taken by your office based on the visit report dated 24.06.2019 of the AEO, Alathur in connection with the lapsed found during the surprise visit conducted in SRUP School Kunnissery and Explanation called for from the Headmaster in charge. Attach certified copy of the concerned note file and correspondence file portion of the said file till date.

e. Please provide the certified copy of all the communications received from the higher officials and vice versa, pertaining to SRUP School Kunissery, during the period from 01.04.2017 till date. Also Specify whether a separate Higher Office Tapal Register is being maintained in your office. Etc....

2. 11 ഇനങ്ങളായി ആവശ്യപ്പെട്ട പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി കമ്മീഷൻ പരിശോധിച്ചു. ക്രമനമ്പർ (1) ൽ അപ്പീൽഹർജിക്കാരൻ 09.05.2019 ൽ സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരവും വരവും അപേക്ഷ ഫയലിന്റെ നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും വിവരമാണ് ആവശ്യപ്പെട്ടത്, ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ വിവരാവകാശ നിയമം അദ്ധ്യായം 1 റൂൾ 2 ൽ പറയുന്ന ശേഖരിക്കപ്പെട്ട വിവരങ്ങളിൽ ഉൾപ്പെടുന്നില്ല എന്നും ബന്ധപ്പെട്ട ഫയലിൻയെ നോട്ട് ഫയൽ, കറസ്പോണ്ടൻസ് ഫയൽ ലഭിക്കുന്നതിന് 40/- രൂപ ഫീസ് ഒടുക്കാൻ നിർദ്ദേശം നൽകിയതായും കാണുന്നു.

3. ക്രമനമ്പർ (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 02.04.2019 ലെ ഡി.പി.ഐ./2332/2109/ബി3/എഡബ്ല്യൂ കത്ത് പ്രകാരം കുനിശ്ശേരി സീതാറാം യു.പി സ്കൂളിൽ പാലക്കാട് ജില്ലാ ധനകാര്യ സസ്ക്വാഡ് നടത്തിയ തുടർ നടപടികൾ ആവശ്യ്പെട്ടപ്പോഴും വിവരാവകാശ നിയമം അദ്ധ്യായം 1 റൂൾ 2 ൽ പറയുന്ന ശേഖരിക്കപ്പെട്ട വിവരങ്ങളിൽ ഉൾപ്പെടുന്നില്ല എന്നും ബന്ധപ്പെട്ട ഫയലിൻയെ നോട്ട് ഫയൽ, കറസ്പോണ്ടൻസ് ഫയൽ ലഭിക്കുന്നതിന് 192/- രൂപ ഫീസ് ഒടുക്കാൻ നിർദ്ദേശം നൽകുകയാണ് ഉണ്ടായിട്ടുള്ളത്.

4. അക്കൗണ്ട് ജനറൽ ഓഫീസിലെ 15.11.2018 ലെ സീനിയർ അക്കൗണ്ട് ഓഫീസറുടെ 15.11.2018 ലെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ എടുത്ത നടപടി വിവരമാണ് മൂന്നാമതായി അവശ്യപ്പെട്ടിരുന്നത്, ആയതിന് വിവരാവകാശ നിയമം അദ്ധ്യായം 1 റൂൾ 2 ൽ പറയുന്ന ശേഖരിക്കപ്പെട്ട വിവരങ്ങളിൽ ഉൾപ്പെടുന്നില്ല എന്നും ബന്ധപ്പെട്ട ഫയലിൻയെ നോട്ട് ഫയൽ, കറസ്പോണ്ടൻസ് ഫയൽ ലഭിക്കുന്നതിന് 90/- രൂപ ഫീസ് ഒടുക്കാൻ നിർദ്ദേശം നൽകിയതായും കാണുന്നു.

5. 24.06.2019 ലെ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശന റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി ക്രമനമ്പർ 4 ൽ ആവശ്യപ്പെട്ടിരുന്നത് വിവരാവകാശ നിയമം അദ്ധ്യായം 1 റൂൾ 2 ൽ പറയുന്ന ശേഖരിക്കപ്പെട്ട വിവരങ്ങളിൽ ഉൾപ്പെടുന്നില്ല എന്നും ബന്ധപ്പെട്ട ഫയലിൻയെ നോട്ട് ഫയൽ, കറസ്പോണ്ടൻസ് ഫയൽ ലഭിക്കുന്നതിന് 18/- രൂപ ഫീസ് ഒടുക്കാൻ നിർദ്ദേശം നൽകിയതായും കാണുന്നു.

6. 01.04.2017 മുതൽ കുനിശ്ശേരി എസ്.ആർ.യു.പി സ്കൂൾ സംബന്ധിച്ച് അപേക്ഷാതീയതിവരെ മേലാഫീസുകളിൽ നിന്നും മാനേജരിൽ നിന്നും ലഭിച്ചിട്ടുള്ള കത്തുകളുടെ വിവരങ്ങളാണ് ക്രമനമ്പർ 5,6 എന്നിവയിൽ ആവശ്യപ്പെട്ടിരുന്നത്. ആയതിന് വിവരാവകാശ നിയമം അദ്ധ്യായം 1 റൂൾ 2 ൽ പറയുന്ന ശേഖരിക്കപ്പെട്ട വിവരങ്ങളിൽ ഉൾപ്പെടുന്നില്ല എന്നും ബന്ധപ്പെട്ട ഫയലിൻയെ നോട്ട് ഫയൽ, കറസ്പോണ്ടൻസ് ഫയൽ ലഭിക്കുന്നതിന് 40/- രൂപ ഫീസ് ഒടുക്കാൻ നിർദ്ദേശം നൽകിയതായും കാണുന്നു.

7. ക്രമമ്പർ 7,8,9 ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ക്രമനമ്പർ 10 ൽ ആവശ്യപ്പെട്ടത് ജി/3797/2019 എന്ന ഫയലിന്റെ വിവരങ്ങളാണ് ആയതും വിവരാവകാശ നിയമം അദ്ധ്യായം 1 റൂൾ 2 ൽ പറയുന്ന ശേഖരിക്കപ്പെട്ട വിവരങ്ങളിൽ ഉൾപ്പെടുന്നില്ല എന്നറിയിക്കുകയും 11-ാമത്തെ ചോദ്യത്തിന് മറുപി നൽകിയതായും കാണുന്നു.

8. പ്രസ്തുത മറുപടിയിലെ പോരായ്മകൾ ചൂണ്ടികാട്ടി ഒന്നാം അപ്പീൽ സമർപ്പിച്ചു എങ്കിലും ഒന്നാം അപ്പീലിൻമേൽ മറുപടി ലഭിക്കുകയുണ്ടായില്ല. തുടർന്ന് രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 19.04.2022 ൽ നടന്ന നേർവിചാരണയിൽ അപ്പീൽഹർജിക്കാരനും ഒന്നാം എതിർകക്ഷിയും പങ്കെടുക്കുകയുണ്ടായി.

9. അപ്പീൽഹർജിക്കാരന്റെ 25.10.2019 ലെവിവരാവകാശ അപേക്ഷ 28.11.2019 നാണ് ഓഫീസിൽ ലഭിച്ചതെന്നും ടി അപേപ്ഷയ്ക്ക് 13.01.2020 ന് മാത്രമാണ് ടി കാര്യാലയത്തിൽ നിന്നും നിന്നും പ്രാഥമികമായി രേകകളുടെ പകർപ്പിന് നിശ്ചിത തുക ഒടുക്കുന്നതിനും ഫയൽ പരിശൊധനയ്ക്ക് ഓഫീസിൽ ഹാജരാകുന്നതിനും കത്ത് നൽകിയതായി കാണുന്നത്. പ്രസ്തുത കത്ത് 17.01.2020 ന് ടൈപ്പ് ചെയ്ത് 22.01.2020 ന് ഡെസ്പാച്ച് ചെയ്തിട്ടുള്ളതായും ഓഫീസ് രേഖകളിൽ കാണുന്നുവെന്നും തുടർന്ന് 01.01.2020 ന് ലഭിച്ച ഒന്നാം അപ്പീൽ 25.05.2020 ന് തീർപ്പാക്കിയതായും ടിയാന് ആവശ്യമായണ രേഖകൾ നിയമപ്രകാരമുള്ള നിശ്ചിത തുക ഒടക്കുന്ന പക്ഷം നൽകാവുന്നതാണെന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

10. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 25.10.2019 ലെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ വിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നും എസ്.പി ഐ.ഒ നൽകിയ മറുപടിയിലെ സൂചനയിൽ വിവരാവകാശ അപേക്ഷ സ്വീകരിച്ച തീയതി 17.11.2019 എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതും 25.10.2019 ലെ 29.10.2019 തീയതി തന്നെ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ കൈപ്പറ്റിയെന്നും എന്നാൽ എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ 17.11.2019 ലെ അപേക്ഷ 28.11.2019 തീയതിയിൽ ഓഫീസിൽ കൈപ്പറ്റിയതാണെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിനമേൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിൽ വന്ന വീഴ്ച മറയ്ക്കാൻ വേണ്ടിയിട്ടുണ് ഇത്തരത്തിൽ തെറ്റായ പ്രസ്താതവനകൾ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഇത് തികച്ചും ദുരുദ്ദേശപരമാണെന്നും 7(1) ന്റെ ലംഘനം നടത്തിയ ഒന്നാം എതിർകക്ഷിയക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും 25.10.2019 ലെ അപേക്ഷയ്ക്ക് വിവരം ലഭിക്കാത്തതിനെ തുടർന്ന് 22.12.2019 തീയതി ഒന്നാം അപ്പഅന്റ സമർപ്പിച്ചു ആയതിന് ശേഷം ഒരു മറുപടി 13.01.2020 തീയതി രേഖപ്പെടുത്തിയ മറുപടി 25.01.2020 തീയതി ലഭിക്കുകയും തുടർന്ന് 29.01.2020 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടും ഒന്നാം അപ്പീൽ അധികാരിയുടെ മറുപിയും നാളിതുവരെയും ലഭ്യമായിട്ടില്ലായെന്നും ഒന്നാം അപ്പീലിൻമേൽ നടപടി സ്വീകരിക്കാത്ത അപ്പിൽഅധികാരിയുടെ നടപടിയിലും വീഴ്ചയുണ്ടായിട്ടുണ്ടെന്നും ഇവർക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുന്നതോടൊപ്പം വിവരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് അപ്പിൽ ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചിട്ടുള്ളത്.

11. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന്റെ വിവരാകാശ അപേക്ഷയിനമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ഒന്നും രണ്ടും എതിർകക്ഷികളുടെ ഭാഗത്തു നിന്നു വീഴ്ച സംഭവിച്ചിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. 25.10.2019 ലെ അപേക്ഷ 29.10.2019 തീയതി ഓഫീസിൽ കൈപ്പറ്റിയിട്ടും പ്രസ്തുത അപേക്ഷ 17.11.2019ലേതാമണന്നും ആയത് 28.11.2019 ൽ ആണ് കൈപ്പറ്റിയത് എന്ന എസ്.പി.ഐ.ഒയുടെ റിപ്പോർട്ടും മൊഴിയും യുക്തിക്ക് നിരക്കാത്തതാണെന്നും എന്നാൽ 28.11.2019 ലാണ് അപേക്ഷ ഓഫീസിൽ സ്വീകരിച്ചത് എന്ന് തെളിയിക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് കഴിഞ്ഞിട്ടുമില്ല. മേൽ സാഹചര്യത്തിൽ ഹർജിക്കാരന്റെ മൊഴിയുടെയും ടിയാൻ സമർപ്പിച്ച തെളിവിന്റെയും അടിസ്ഥാനത്തിൽ അപേക്ഷ 29.10.2019 തീയതി ഓഫീസിൽ സ്വീകരിച്ചിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. മേൽ വസ്തുതകളും 13.01.2020 തീയതിലെ മറുപടിയും പരിശോധിച്ച് താഴെ പറയും പ്രകാരമുള്ള വീഴ്ചകൾ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്ന് വന്നിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു.

a. 25.10.2019 ലെ വിവരാവകാശ അപേക്ഷ 29.10.2019 ൽ ഓപീസിൽ കൈപ്പറ്റിയിട്ടും വിവരം നൽകുന്നതിന് 88 ദിവസം കാലതാമസം നേരിട്ടു. 88 ദിവസത്തിൽ നിന്ന് അനുവദനീയമായ 30 ദിവസം കുറച്ചാൽ 58 ദിവസത്തെ കാലതാമസം നേരിട്ടു.

b. അപ്പീൽഹർജിക്കാരൻ 22.12.2019 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചതിന് ശേഷമാണ് എസ്.പി.ഐ.ഒ ഒരു മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്.

c. 13.01.2002 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിരുത്തരവാപരാമയ മറുപടിയായി കമ്മീഷൻ നിരീക്ഷിക്കുന്നു.

d. ഒന്നാം എതിർകക്ഷിയുടെ ഓപീസിൽ അപേക്ഷകൻ നൽകിയ ഒരു സാധാരണ പരാതിയിൻമേൽ സ്വീകരിച്ച നടപടി വിവരം അറിയുന്നതിനാവേണ്ടിയാണ് നിയമപ്രകാരം അപേക്ഷ സമർപ്പിക്കാൻ ഇടയായത്. വിവരാവകാശ നിയമം അദ്ധ്യായം 1 റൂൾ 2 ൽ പറയുന്ന ശേഖരിക്കപ്പെട്ട വിവരങ്ങളിൽ ഉൾപ്പെടുന്നില്ല എന്ന മറുപടി നിയമത്തോടുള്ള വെല്ലുവിളിയും ധിക്കാരവുമായി പ്രസ്തുത മറുപടിയെ കമ്മീഷൻ വിലയിരുത്തുന്നു.

e. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ പകർപ്പിനത്തിൽ ഫീസ് ഈടക്കാൻ കഴിയുന്നതല്ല ആയതുകൊണ്ട് തന്നെ പകർപ്പുകൾ സൗജന്യമായി നൽകുവാൻ ഒന്നാം എതിർകക്ഷിയ്ക്ക് ബാദ്ധ്യതയുണ്ട്.

12. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി. ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

13. 25.10.2019 അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകാത്തതിനെ തുടർന്ന് 22.12.2019 തീയതിയിലും 13.01.2020 ലെ എസ്.പി.ഐ.ഒയുടെ മറുപടിയ്ക്ക് ശേഷം 29.01.2020 തീയതിയിലും രണ്ട് അപ്പീലുകൾ സമർപ്പിച്ചിട്ടും അപ്പീൽ അധികാരി മറപടി നൽകിയതായി കാണുന്നില്ല. രണ്ടും അപ്പീലുകൾ നൽകിയിട്ടും അപ്പീലിനമേൽ നടപടി സ്വീകരിക്കാത്ത ഒന്നാം അപ്പീൽ അധികാരിയുടെ വിശദീകരണം ഈഘൗ ഉത്തരവ് ക്പൈറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

14. 25.10.2019 ലെ അപേക്ഷയ്ക്ക് വ്യക്തവും പൂർണ്ണവുമായ വിവരവും സാക്ഷ്യപ്പെടുത്തിയ രേഖകൾ ഉൾപ്പെടെ സൗജന്യമായി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

15. ഇപ്രകാരം ഈ അപ്പീൽ ഹർജി തിർപ്പാക്കി **ഇന്നേ ദിവസം 2022 നവംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി